പരമാവധി 150 രൂപയും 1 കിന്റൽ ചകിരിക്ക് 150 രൂപ നിരക്കിലും സബ്സിഡി അനുവദിക്കുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജിയുടെ പ്രവർത്തനം

44(2841) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽ ടെക്നോളജിയുടെ പ്രവർത്തന ലക്ഷ്യം എന്താണെന്ന് വിശദമാക്കുമോ:

(ബി) പ്രസ്തുത സ്ഥാപനത്തിൽ കൈത്തറി ഗവേഷണ പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ ഭരണച്ചുമതലകൾ ആർക്കാണ്;

(ഇ) ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ പരിചയസമ്പന്നരായ ഉദ്യോഗസ്ഥൻ ഇപ്പോൾ നിലവിലുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ:

(ജി) ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം ആർക്കാണെന്നും ശമ്പളം നൽകുന്നത് എങ്ങനെയാണെന്നും വിശദമാക്കുമോ;

(എച്ച്) ശമ്പളം നൽകുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ആണെങ്കിൽ അതിനാവശ്യമായ വരുമാനം പ്രസ്തുത സ്ഥാപനത്തിനുണ്ടോ എന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽ ടെക്നോളജിയുടെ പ്രവർത്തനലക്ഷ്യങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. +

(ബി)&(സി) സ്ഥാപനത്തിൽ കൈത്തറി പഠന ഗവേഷണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി കൊടുത്തിട്ടുണ്ട്. †

(ഡി) വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനായിട്ടുള്ള 13 അംഗ ഭരണസമിതിക്കാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചുമതല.

(ഇ)&(എഫ്) പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പരിചയസമ്പന്നരായ സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ട്. ഇതിലേയ്ക്കായി കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ജി)&(എച്ച്) സ്ഥാപനത്തിന് സർക്കാർ അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ 5(3) വകുപ്പനുസരിച്ച് എക്സിക്യൂട്ടീവ് ഡയറ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്ടറെ നിയമിക്കുന്നത് സർക്കാരായിരിക്കും. 7-2 (ബി) വകുപ്പനുസരിച്ച് ആവശ്യമായ മറ്റ് തസ്തികകൾ സൃഷ്ടിക്കാനും നിയമനം നടത്താനുമുള്ള അവകാശം ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും കേരള സർക്കാർ ശമ്പള നിരക്കുകൾക്കനുസരിച്ച് ജീവനക്കാർക്ക് ശമ്പളം നൽകുന്നു. ഗവൺമെന്റ് വർഷംതോറും അനുവദിക്കുന്ന ഗ്രാന്റിൽ നിന്നും കൂടാതെ പ്രത്യേക തരം കോഴ്സുകൾ നടത്താൻ വേണ്ടി വിവിധ സർക്കാർ ഏജൻസികൾ അനുവദിക്കുന്ന ഫണ്ടിൽ നിന്നുമാണ് ശമ്പളം നൽകുവാനുള്ള തുക കണ്ടെത്തുന്നത്.

കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

45 (2842)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പാലോട് രവി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം എന്തെല്ലാം പ്രതിസന്ധികളെയാണ് ഇപ്പോൾ നേരിടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽനിന്നും ഈ വ്യവസായത്തെ രക്ഷിക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) നവീന സ്പിന്നിംഗ് മില്ലുകൾ ഉല്പാദിപ്പിക്കുന്ന നൂലിന് സെയിൽസ് ടാക്സ് ഒഴിവാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വർദ്ധിപ്പിച്ച അസംസ്കൃത വസ്തുക്കളുടെ വില, അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്, താരതമ്യേന കുറഞ്ഞ ഉല്പന്ന വില, വിപണിയിലെ മാന്ദ്യത, മറ്റു സംസ്ഥാനങ്ങളിൽ യന്ത്രത്തറികളിൽ ഉല്പാദിപ്പിക്കുന്ന കുറഞ്ഞ ഉല്പാദന ചെലവുള്ള വസ്ത്രങ്ങൾ കുറഞ്ഞ വിലയ്ക്ക് ഇതേ വിപണിയിൽ വിൽക്കുന്നതുമൂലമുള്ള മാത്സര്യം എന്നിവയാണ് കൈത്തറി വ്യവസായം ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികൾ. കൈത്തറി വ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവായ കഴിനൂലിന് അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവും ഉല്പാദനത്തിനാവശ്യമായ കൗണ്ടുകളുടെ ലഭ്യതകുറവും, മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ചു ഇവിടെ നൽകുന്ന വർദ്ധിച്ച വേതനവും ഉല്പന്നങ്ങളുടെ വിലവർദ്ധനവിനു കാരണമാകുന്നു. കൂടാതെ മറ്റു തൊഴിൽ മേഖലകളെ അപേക്ഷിച്ചുള്ള കുറഞ്ഞ വേതനം ഈ മേഖലയിലേക്കു തൊഴിലാളികളെ വേണ്ടത്ര ആകർഷിക്കുന്നില്ല. ഇതും പ്രതിസന്ധിക്കു കാരണമാകുന്നു.

(ബി) കൈത്തറി വ്യവസായത്തിന്റെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്.

സബ്സിഡി അനുവദിച്ചു കഴിഞ്ഞാൽ വിതരണം ചെയ്യൽ, കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, നെയ്ത്തുകാർക്ക് പണിശാലയും പണിശാലയോടുകൂടിയ ഭവനവും നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകൽ, ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് വസ്ത്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly